ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇക്കാര്യത്തിൽ ഒരു നിയമ നിർമ്മാണമല്ല ആവശ്യമുള്ളതു്. എല്ലാ ബഹുമാനപ്പെട്ട മെമ്പറന്മാർക്കും ഇതനുസരിച്ചുള്ള ഒരു അഭിപ്രായഗതി ഉണ്ടായാൽ മതി.

ശ്രീ. ഈ. പി. ഗോപാലൻ : സ്വകാര്യ വനഭൂമിയെത്രയുണ്ടെന്നുള്ളതിനു് ഒരു കണക്കു് ഇവിടെ പറഞ്ഞു. അൺസർവ്വെയിഡായിട്ടുള്ള സ്ഥലം ഉണ്ടെന്നും പറയുകയുണ്ടായി ഇവിടെയുള്ള ഗവണ്മെൻറിനു് ഭൂമിയിൽ കൂടിയല്ലാതെ ആകാശത്തുകൂടി വെന്തു് കണക്കു് എടുക്കുന്നേ സമ്പ്രദായം ഉണ്ടു്. അതനുസരിച്ചാണോ ഈ കണക്കു് എടുത്തിട്ടുള്ളതെന്നറിഞ്ഞുകൂടാ. മലബാർ ഭാഗത്തുള്ള അൺസർവ്വെയിഡ് ഭൂമിയും സ്വകാര്യവനമായിട്ടു് രേഖപ്പെടുത്തിയിട്ടുള്ളതുമായ സ്ഥലങ്ങളുടെ ആകാശത്തുകൂടിചെന്നു് കണക്കെടുക്കാൻ കഴിയുന്ന മന്ത്രിമാരുടെ കൂട്ടത്തിലുള്ള ഈ മന്ത്രി ഇവിടെ പറഞ്ഞതു് അപ്ടുഡേറ്റായിട്ടുള്ള കണക്കാണോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഉദ്ദേശമായിട്ടുള്ള വിസ്തീർണ്ണമാണു്.

ശ്രീമതി കെ. ആർ. ഗൗരി : ചുരുളി കീരിത്തോട് പ്രദേശങ്ങളിൽ ഗ്രോവർ ഇടുക്കിക്കു് ഉപയോഗിക്കുന്നതിനുവേണ്ടി കുറെ കുടുംബങ്ങളെ ഒഴിപ്പിച്ചിട്ടുണ്ടു്. അങ്ങനെ ഒഴിപ്പിച്ചെടുത്ത സ്ഥലം വാട്ടർലെവൽ ഏരിയായായി ഉപയോഗിക്കുന്നതിനാണോ, കൃഷിമെൻറു ഏരിയായായി ഉപയോഗിക്കുന്നതിനാണോ ? കൃഷിമെൻറു ഏരിയായായി ഉപയോഗിക്കുന്നതിനാണെങ്കിൽ അവിടെ റബ്ബർ വെച്ചുപിടിപ്പിച്ചാൽ പോരേ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : Catchment area അല്ല. Project area-യുടെ definition ഉണ്ട്. അതിൽപ്പെട്ട വരുന്നതാണു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : എം. പി.പി. എഫ്. ആക്ടനുസരിച്ചു രേഖകളിൽ ഇന്നും കാടായി ഇരിക്കുന്നതും എന്നാൽ സാരാംശത്തിലും യാഥാർത്ഥ്യത്തിലും മുന്നു സ്കൂളുകളും, പതിനൊന്നു് പള്ളികളും, ഏഴു ക്ഷേത്രങ്ങളും സ്ഥിതിചെയ്യുന്ന 8200, 4300, 6700 എന്നീ ക്രമത്തിൽ വിസ്തീർണ്ണമുള്ളതുമായ പുളിക്കൽ, കല്യാണി, പടിക്കൽ എന്നീ പ്രദേശങ്ങളും തളിപ്പറമ്പ ഫാറസ്റ്റിൽപ്പെട്ടതു അല്ലയെന്നു തിട്ടപ്പെടുത്തുമോ ?

ശ്രീ. എം.പി. ഗോവിന്ദൻ നായർ: അതു് അന്വേഷിച്ചു തീർപ്പുണ്ടാക്കേണ്ട ഒരു കാര്യമാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : വനസംരക്ഷണത്തിന്റെ പരിധിയിൽ സ്വകാര്യവനങ്ങളും കൂടി സംരക്ഷിക്കുകയില്ലേ ? സ്വകാര്യവനങ്ങളിൽനിന്നും ഓരോരുത്തർക്കും രണ്ടായിരവും മൂവായിരവും ഏക്കർ വീതം പതിച്ചുകൊടുക്കുന്ന നയത്തോടു ഗവണ്മെൻറും അനുകൂലിക്കുന്നുണ്ടോ ? അതിനെ സംബന്ധിച്ചു ഗവണ്മെൻറിന്റെ നയം എന്താണു ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : വ്യക്തമായ വ്യവസ്ഥകളോടുകൂടിയാണു ഇപ്പോഴും Clearfelling permit കൊടുക്കുന്നതു്.

നെല്ലുൽപ്പാദനം

* 641. [8] ശ്രീ. എം. നാരായണക്കുറുപ്പു്; താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷിവകുപ്പുമന്ത്രി സഭയെ മറുപടിനൽകുമോ :

(എ) 1963-64 കൊല്ലത്തിൽ കേരളത്തിൽ ഓരോ ജില്ലയിലേയും നെല്ലുൽപ്പാദനവും, കൃഷി വികസനത്തിനായി ചെലവഴിച്ച സംഖ്യയും എത്ര;

(ബി) ഉൽപ്പാദനം കഴിഞ്ഞകൊല്ലത്തെ അപേക്ഷിച്ചു എത്ര ശതമാനം വർദ്ധിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) 1963–64–ലെ നല്ലൽറ്റ്പാദനം തിട്ടപ്പെടുത്തിയിട്ടില്ല. മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിവിധ കൃഷി വികസനപരിപാടികൾക്കായി 1963-64-ൽ (1964 ജനുവരി അവസാനംവരെ) 1,00,27,630 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 1963–64–ൽ മുണ്ടകൻ മെച്ചമായിരുന്നു. എത്ര ശതമാനം വർദ്ധനവ് ഉണ്ടായി എന്നു ഇപ്പോൾ അറിയുക സാദ്ധ്യമല്ല.

Cattle and Dairy Development Project

* 642. [9] ശ്രീ. എം. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യത്തിന് ക്ഷീരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്പിസ്സ് കൊളാബറേഷനോടുകൂടി ഒരു Cattle and Dairy Development Project ഹൈറേഞ്ചിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എത്രമാത്രം പുരോഗമിച്ചു?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്):

പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. പ്രോജക്ടിനാവശ്യമുള്ള കെട്ടിടനിർമ്മാണത്തിനു പുറമേ ഫോഡർ പ്രൊഡക്ഷൻ, കേറ്റിൽ ബ്രീഡിംഗ്, സായിൽ അനാലിസിസ് തുടങ്ങിയ പ്രവർത്തനങ്ങളും ആരംഭിച്ചു കഴിഞ്ഞു.

ശ്രീ. സി. അച്യുതമേനോൻ : ഈ സ്ഥലത്തു വളർത്താൻ ഉദ്ദേശിക്കുന്നതു് ഏതു തരത്തിലുള്ള പശുക്കളെയാണു്? മറ്റു പുറം രാജ്യങ്ങളിൽനിന്നു് ഇറക്കുമതി ചെയ്തു ഇവിടെ കൊണ്ടുവന്നു വളർത്തുകയാണോ അതോ ഇവിടെയുള്ളതിനെ വളർത്തുകയാണോ ചെയ്യുന്നതു്?

ശ്രീ. ഈ. പി. പൗലോസ് : ജേഴ്സി ബ്രീഡ് അതുപോലെയുള്ള നല്ല ഇനം പശുക്കളെ നമ്മുടെ സംസ്ഥാനത്തു് പ്രത്യേകമായി വളർത്തത്തക്കവണ്ണം ക്രോസ്ബ്രീഡ് ചെയ്യുന്നതിനു് കുറേ പശുക്കളെ ഇറക്കുമതി ചെയ്യാൻ ഉദ്ദേശമുണ്ടു്.

ശ്രീ. ഓ. കോരൻ : നമ്മുടെ സ്റ്റോറിലേക്കു് നല്ലയിനം എരുമക്കുട്ടികളേയും പശുക്കുട്ടികളേയും ഇറക്കുമതി ചെയ്യാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുവെന്നും ചില സ്ഥലത്തു് ഇറക്കുമതിചെയ്തു കൊടുത്തതായും പറയുകയുണ്ടായി. അടുത്ത അവസരത്തിൽ കൽക്കട്ടായിൽനിന്നു് 146 എരുമക്കുട്ടികളെ വാങ്ങിയതിൽ 94 എണ്ണം അവിടെവച്ചുതന്നെ ചത്തുപോയ സംഭവം ഗവണ്മെൻറിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിൽ അനാസ്ഥ കാണിച്ച ഉദ്യോഗസ്ഥന്റെ പേരിൽ വേണ്ട നടപടിയെടുക്കുമോ?

ശ്രീ. ഈ. പി. പൗലോസ് : ഉദ്യോഗസ്ഥന്മാരുടെയൊന്നും അനാസ്ഥ വന്നിട്ടുള്ളതായി അറിയാൻ പാടില്ല. ഇങ്ങനെ പല സ്ഥലത്തുനിന്നും രണ്ടുമൂന്നു പ്രാവശ്യമായി ഇവിടെ പശുക്കളെ വാങ്ങി വിതരണം ചെയ്തതിൽ യാതൊരു കഴപ്പും വന്നിട്ടില്ല. ഇതിനു് ഏതോ സുഖക്കേടുണ്ടായിരുന്നു; അതുകൊണ്ടാണു് അങ്ങനെ സംഭവിച്ചതു്.

ശ്രീ. ഈ. പി. ഗോപാലൻ : ഗവണ്മെൻറിന്റെ കീഴിലുള്ള കന്നുകാലി ഫാമുകളിൽ ഇവിടത്തെ കാലാവസ്ഥയ്ക്കു് പറ്റിയ തരത്തിലുള്ള സ്പീഷീസ് വളർത്തിക്കൊണ്ടുവരുന്നതിനു് വല്ല റിസർച്ചും നടത്തുന്നുണ്ടോ? ദിവസം കഴിയുന്തോറും ഇവിടത്തെ ആവശ്യത്തിനുവേണ്ടിയുള്ള പാൽതന്നെ കുറഞ്ഞുവരികയാണു്. ഇതിനു ഇവിടെ വല്ല റിസർച്ചും നടത്തുന്നുണ്ടോ?